കേരള സർക്കാർ

ധനകാര്യ വകുപ്പ്

# വിജ്ഞാപനം

നം.405401/ഭരണം.സി2/2017/ധന. തീയതി, തിരുവനന്തപുരം : 25.07.2017

കേരള സർക്കാരിന്റെ കീഴിലുള്ള തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ധനകാര്യ (പരിശോധന വിഭാഗം - ടെക്നിക്കൽ) വകുപ്പിൽ ചീഫ് ടെക്ക്നിക്കൽ എക്സാമിനറുടെ ഒരു ഒഴിവിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യാൻ താൽപ്പര്യമുള്ള പി.ബി-4-GP-8700/CPSU Scale of E6-ൽ കുറയാതെയുള്ള ശമ്പള സ്കെയിലിൽ ജോലി നോക്കുന്ന ചീഫ് എൻജിനീയർ/സൂപ്രണ്ടിംഗ് എൻജിനീയർ റാങ്കോ/ ഉയർന്ന റാങ്കോ ഉള്ളവരിൽ നിന്നും, അല്ലെങ്കിൽ സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ചീഫ് എഞ്ചിനീയർമാർ, സർക്കാർ എൻജിനീയറിംഗ് കോളേജുകളിൽ നിന്നും വിരമിച്ച സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ പ്രൊഫസർമാർ എന്നിവരിൽ നിന്നും പ്രകടനമികവിന്റെ അടിസ്ഥാനത്തിൽ 2 വർഷം വരെ അനുവദിക്കാവുന്ന കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായും അപേക്ഷകൾ ക്ഷണിക്കുന്നു. സേവനകാലത്തിലുടനീളം മാതൃകാപരമായി പ്രവർത്തിച്ചതിനും വിജിലൻസ് ക്ലിയറൻസിനും സാക്ഷ്യപത്രം സമർപ്പിക്കേണ്ടതുണ്ട്. അപേക്ഷകൻ/അപേക്ഷക സിവിൽ എഞ്ചിനീയറിംഗിൽ ബിരുദം / ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളതും 20 വർഷത്തിൽ കുറയാത്ത പ്രൊഫഷണൽ പോസ്റ്റ് ക്വാളിഫിക്കേഷൻ പരിശീലനം നേടിയിട്ടുള്ളതുമായ ഓഫീസറായിരിക്കണം. സേവനത്തിലുള്ളവർക്ക് 60 വയസ്സും വിരമിച്ചവർക്ക് 65 വയസ്സുമാണ് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി.

ധനകാര്യ വകുപ്പിന് സാങ്കേതിക ഉപദേശം നൽകുകയും പൊതുമരാമത്ത്, ജലസേചനം, ഹാർബർ എഞ്ചിനീയറിംഗ് മുതലായ സർക്കാർ വകുപ്പുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾ പരിശോധിക്കുകയാണ് ചുമതല.

തെരഞ്ഞെടുക്കപ്പെടുന്ന ഓഫീസർക്ക് മാതൃസ്ഥാപനത്തിലുള്ള ശമ്പളവും മറ്റ് അലവൻസുകൾക്കും യോഗ്യതയുണ്ടായിരിക്കും. കൂടാതെ, സർക്കാരിൽ നിന്നും മതിയായ സൗകര്യം ഏർപ്പെടുത്തുന്നതാണ്. ജോലി തൃപ്തികരമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടാൽ ഇൻസെന്റീവ് നൽകുന്നതാണ്. വിരമിച്ചവരുടെ വേതനം അവർ അവസാനം വാങ്ങിയ ശമ്പളസ്കെയിലിന്റെയും ക്ഷാമബത്തയുടെയും അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നതാണ്.

അപേക്ഷിക്കാൻ താല്പര്യമുള്ളവർ വകുപ്പുതല NOC, ACR, വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് എന്നിവയടക്കം ഉചിതമാർഗ്ഗേന അപേക്ഷിക്കേണ്ടതാണ്. അപേക്ഷയുടെ പകർപ്പ് മുൻകൂറായി ജോയിന്റ് സെക്രട്ടറി, (ഭരണം), ധനകാര്യ വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, എന്ന വിലാസത്തിൽ 16/08/2017 തീയതിയ്ക്ക് മുമ്പായി അയച്ചു തരേണ്ടതാണ്.

**ഡോ.കെ.എം.എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം. (പ്രാദേശിക മലയാള പത്രങ്ങളിൽ പരസ്യം നൽകുന്നതിനായി)
ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഓഫീസ്
✓നോഡൽ ഓഫീസർ,www.finance.kerala.gov.in
സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി/നോട്ടീസ് ബോർഡ്

ഉത്തരവിൻ പ്രകാരം

Sreeja

സെക്ഷൻ ഓഫീസർ